# 4

# സഭ:

# അതിന്റെ സ്ഥാപനം (1)

**സമയത്തെ സംബന്ധിച്ച് വിവിധ പോരാട്ടങ്ങൾ ____________________**

1. **അതിന്റെ സ്ഥാപനസമയത്തെക്കുറിച്ചുള്ള ചില പോരാട്ടങ്ങൾ പേരെടുത്തു പറയുക.** ചിലർ പറയും: "ഏദനിൽ"; വേറെ ചിലർ, "അബ്രഹാമിന്റെ കാലത്ത്" എന്നും; മറ്റുചിലർ, "യോഹന്നാൻ സ്നാപകന്റെ കാലത്ത്" എന്നും; മറ്റുള്ളവർ, "ക്രിസ്തുവിന്റെ വ്യക്തിപരമായ ശുശ്രൂഷാകാലത്താണ്" എന്നും പറയുന്നു.
2. **എന്നാൽ എന്താണ് ബൈബിൾ സന്ദർഭം?**
   ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേല്പിനുശേഷമുള്ള ആദ്യത്തെ പെന്തെക്കൊസ്തു നാൾ.

**തെളിവു**

**ദാവീദിന്റെ സന്തതി അവന്റെ ആലയം പണിയണം ——————————**

**(2 ശമു. 7:12-17; 1 ദിന. 17:11-15)**

1. **ആ വാക്യങ്ങൾ വായിച്ചു താഴെ കൊടുത്തിരിക്കുന്ന വിഭജനങ്ങൾ പരിശോധിക്കുക.**
2. **നാഥാന്റെ പ്രവചനമനുസരിച്ചുള്ള വിഭജനങ്ങൾ, പ്രവൃത്തികളുടെ പുസ്തകത്തിൽ നിറവേറുന്ന വാക്യങ്ങൾ വായിച്ചു യോജിക്കുന്നുവോ എന്നു പരിശോധിക്കുക.**

| പ്രവചന.................................................വും | | ...........................നിറവേറലും (പ്രവൃത്തികൾ 2:29-35) |
|---|---|---|
| 1—പണിയേണ്ടതു ദാവീദിന്റെ സന്തതി | പെന്തെക്കൊസ്തു | 1—ദാവീദിന്റെ സന്തതി, ക്രിസ്തു 2:30 |
| 2—അവന്റെ മരണശേഷം | | 2—അവന്റെ മരണശേഷം, 2:29 |
| 3—അവന്റെ സിംഹാസനം 35ഉറപ്പിക്കും | | 3—സിംഹാസനത്തിൽ ഇരുത്തും, 2:30 |
| 4—എന്റെ ആലയം പണിയുക | | 4—ആലയം പണിതു, 2:30, 47 |

3. **പ്രവൃത്തികൾ 2 ലെ സംഭവങ്ങൾ എപ്പോൾ നടന്നു (പ്രവൃത്തികൾ 2:1)?**

## ദാവീദിന്റെ സിംഹാസനം ക്രിസ്തുവിന്റെ സിംഹാസനം ആകുന്നു (ലൂക്കൊ. 1:31-33)

1. "ദാവീദ്" എന്നതിൻ കീഴിൽ ഉള്ള വാക്യങ്ങൾ വായിക്കുകയും പിന്നെ "ക്രിസ്തുവിൻ" കീഴിലുള്ളതും വായിച്ചു "ക്രിസ്തു" വിൻ കീഴിൽ വരുന്ന വിഭജനങ്ങളും പരിശോധിച്ചു "ദാവീദ്" എന്ന തിൻകീഴിൽ നിറവേറുന്നതുമായി യോജിക്കുന്നുണ്ടോ എന്നു നോക്കുക.

**ദാവീദിന്റെ.............................................യും..................ക്രിസ്തുവിന്റെയും (പ്രവൃത്തികൾ 2)**

| | |
|---|---|
| 1–ദാവീദിന്റെ സിംഹാസനം, 1 രാജാ. 2:12 | 1–ദാവീദിന്റെ സിംഹാസനം, 2:30 |
| 2–കർത്താവിന്റെ സിംഹാസനം, 1 ദിന. 29:23 | 2–കർത്താവിന്റെ സിംഹാസനം, 2:34, 35 |
| **പെന്തെക്കൊസ്തു** | |
| 3–അവന്റെ സിംഹാസനത്തിൽ ആയിരിക്കുക, യെശ. 9:7 | 3–സിംഹാസനത്തിൽ ഇരുത്തുക, 2:30 |
| 4–അതു സ്ഥാപിക്കുക, യെശ. 9:7 | 4–അതു സ്ഥാപിച്ചു, 2:30 |
| 5–സ്വർഗ്ഗത്തിൽ ഇരുത്തും, സങ്കീ. 89:35-37 | 5–ദൈവത്തിന്റെ വലതുഭാഗത്ത്, 2:33 |
| 6–സിംഹാസനത്തിലിരുന്നു വാഴും, സങ്കീ. 110:1, 2 | 6–വാഴുന്നു, 2:34, 35 |
| 7–സിയോനിൽ വാഴും, സങ്കീ. 110:2 | 7–സിയോനിൽ സഭ പണിയും |

2. ദാവീദിന്റെ സിംഹാസനം ആർക്ക്, ആർ അതിൽ വാഴും (ലൂക്കൊ. 1:31-33)?
3. "സിംഹാസനത്തിൽ ഇരിക്കുന്നവന്റെ" ശക്തി എന്തായിരിക്കും (പ്രവൃത്തികൾ 2:30)?
   "സെറ്റ്" എന്നതു ഗ്രീക്കു വാക്ക് *കതീസോ*യിൽ നിന്നു വന്നതും, അർത്ഥം "ഒരാളിന്മേൽ രാജ്യം ഏല്പിക്കുക, പ്രവൃത്തികൾ 2:30" (തേയർ).
4. അതുകൊണ്ടു, എപ്പോഴാണ് ആ മുന്നറിയിപ്പുകൾ നിറവേറിയത് (പ്രവൃത്തികൾ 2:1)?

## പ്രവചനങ്ങൾ സമയത്തിലേക്കു വിരൽ ചൂണ്ടുന്നു

1. "പ്രവചനം" എന്നതിൽ വരുന്ന വാക്യങ്ങൾ വായിക്കുകയും "നിറവേറലിനു" കീഴിൽ വരുന്നതു എല്ലാം ശരിക്കു നിറവേറിയോ എന്നു നോക്കുക?

**പ്രവചനം (യെശ.2:2, 3; മീഖാ. 4:1, 2)..........വും................നിറവേറലും (പ്രവൃത്തികൾ 2)**

| | |
|---|---|
| 1–അന്ത്യനാൾ | 1–അന്ത്യനാളിൽ, 2:17 |
| 2–യഹോവയുടെ ആലയമുള്ള പർവ്വതം | 2–സഭ, 2:47; 1 തിമൊ. 3:15 |
| **പെന്തെക്കൊസ്തു** | |
| 3–പർവ്വതങ്ങളിന്മേൽ സ്ഥാപിതമാകും | 3–പർവ്വതങ്ങളിന്മേലുള്ള യെരുശലേം |
| 4–കർത്താവിന്റെ വചനം | 4–വചനവും യെരുശലേമും, 2:5, 14 |
| 5–സിയോനിൽ നിന്നു ഉപദേശം | 5–പാപമോചന വഴി, 2:37, 38 |
| 6–സകലജാതികളും | 6–സകല ജാതികളും, 2:5, 36-41 |

2. അപ്പോൾ യെശയ്യാവിന്റെയും മീഖായുടെയും പ്രവചനം നിറവേറിയത് എവിടെ (പ്രവൃത്തികൾ 2:1)?

**3. ഈ കാര്യങ്ങളെല്ലാം ആരംഭിക്കുന്നതു എവിടെ, എപ്പോൾ ആണെന്നാണ് ക്രിസ്തു പറഞ്ഞത് (ലൂക്കൊ. 24:47–49)?**

**പരിഗണിക്കേണ്ട കാര്യങ്ങൾ (യെശ. 2:2, 3)**________________________

**1. സകലജാതികൾക്കുമായി, അന്ത്യകാലത്തു, യെരുശലേമിൽ സഭ സ്ഥാപിക്കണമായിരുന്നു.**

a. "അന്ത്യകാലത്തെ" കുറിച്ചു യോഹന്നാൻ സ്നാപകൻ എന്തെങ്കിലും പറഞ്ഞോ? ഇല്ല. എവിടെയാണ് യോഹന്നാൻ പ്രസംഗിച്ചത് (മത്താ. 3:1)?

b. ക്രിസ്തു ആരുടെ അടുക്കലേക്കാണ് പോയത് (മത്താ. 15:24)? തന്റെ ശിഷ്യന്മാരെ അവൻ ആരുടെ അടുക്കലേക്ക് അയച്ചു (മത്താ. 10:6)?

c. ലോകമെങ്ങും ശിഷ്യന്മാർ പോകേണ്ടതു എപ്പോഴായിരുന്നു (ലൂക്കൊ. 24:49)? അവർ എവിടെ തുടങ്ങണമായിരുന്നു (ലൂക്കൊ. 24:47)?

d. യെശയ്യാവു പറഞ്ഞ വസ്തുതകൾ എപ്പോൾ, എവിടെ സംഭവിക്കണമായിരുന്നു (പ്രവൃത്തികൾ 2:5, 36–41)?

മികച്ചവനായിരിക്കുമോ? അപ്പോൾ, എല്ലാ "നല്ല മനുഷ്യരും" എന്താണ്

© 2009 Truth for Today